**<u>പതിനാലാം കേരള നിയമസഭ</u>**

**<u>പത്താം സമ്മേളനം</u>**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1832 | 07.03.2018 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി.യു.പ്രതിഭ ഹരി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| കേരളത്തിൽ സാമൂഹിക നീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ക്ഷേമ കാര്യങ്ങൾക്കുമായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | അങ്കണവാടികളെ ആധുനികവൽകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഒരു നിയോജക മണ്ഡലത്തിൽ ഒരു അങ്കണവാടിയെ നിലവിലെ സൗകര്യങ്ങൾക്കു പുറമേ നൂതന സംവിധാനങ്ങൾകൂടി ഏർപ്പെടുത്തി മാതൃകാ അങ്കണവാടിയായി ഉയർത്തി വരികയാണ്. ആയതിന് ചുരുങ്ങിയത് 10 സെന്റ് സ്ഥലം കണ്ടെത്തി ആധുനിക സൗകര്യങ്ങൾ ഒരുക്കി ഇരുനില കെട്ടിടം നിർമ്മിച്ച് വരികയാണ്. നിലവിൽ ഈ പദ്ധതി പ്രകാരം 121 അങ്കണവാടികൾക്ക് കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. ആയതിൽ 87 എണ്ണം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ കെട്ടിടനിർമ്മാണ നടപടികൾ പുരോഗമിച്ച് വരുന്നു. കെട്ടിടനിർമ്മാണം പൂർത്തീകരിച്ച മാതൃക അങ്കണവാടികളെ (3 ജി) 3 തലമുറകളുടെ (കുട്ടികൾ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ, മുതിർന്ന സ്ത്രീകൾ) സംഗമസ്ഥലമായി ഉയർത്തണമെന്ന ഉദ്ദേശത്തോടെ സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച 21 മാതൃകാ അങ്കണവാടികൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഫർണീച്ചറും വാങ്ങി നൽകിയിട്ടുണ്ട്. 52 മാതൃകാ അങ്കണവാടികൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഫർണീച്ചറും മറ്റു സൗകര്യങ്ങളും വാങ്ങുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ അടിസ്ഥാന സൗകര്യമേഖലയിലും അങ്കണവാടികളുടെ നിലവാരം ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കി വരുന്നു. |

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 33,115 അങ്കണവാടികളിൽ 22,998 എണ്ണത്തിന് സ്വന്തമായി കെട്ടിടമുള്ളതാണ്. ബാക്കിയുള്ളവയ്ക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കുന്നതിനുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തി വരുന്നു. എല്ലാ അങ്കണവാടികളിലും ശുദ്ധമായ കുടിവെള്ള സൗകര്യം ഉറപ്പാക്കുന്നതിനുള്ള നടപടികളും ശിശുസൗഹൃദ ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. അങ്കണവാടികളിലെ പ്രീസ്കൂൾ കുട്ടികൾക്ക് ECCE കരിക്കുലത്തിന് അനുയോജ്യമായ കാലോചിതവും ശാസ്ത്രീയവുമായ കളി ഉപകരണങ്ങൾ, മെഡിസിൻ കിറ്റ്, പ്രീ സ്കൂൾ കിറ്റ്, അടിയന്തിര സാഹചര്യങ്ങൾക്ക് ഫ്ലക്സി ഫണ്ട്, വൈവിധ്യമാർന്ന പോഷകാഹാരം, കൗമാരപ്രായക്കാർക്കും അമ്മമാർക്കും പ്രയോജനകരമായ ആരോഗ്യ പോഷണ വിദ്യാഭ്യാസം, പരിപാടിയിൽ പരമാവധി പങ്കാളിത്തം ഉറപ്പാക്കൽ എന്നിവ അങ്കണവാടികളുടെ പരിഷ്കൃതമായ അവസ്ഥയിലേക്കുള്ള മാറ്റത്തിന് സഹായകരമാകുന്നു.

2016-17 സാമ്പത്തിക വർഷം 1 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ 1370 അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 1 ലക്ഷം രൂപ നിരക്കിൽ 110 അങ്കണവാടിക്കുകൂടി നവീകരണം നടത്തുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം വിവിധ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി 1 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ 1170 അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ